## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3419. — 12/12/2014-ൽ മറുപടിക്ക്

### വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ട് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ) |
| (എ) വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (എ) & (ബി)<br>വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>I.കുടിവെള്ള പദ്ധതി: (a) എളം കുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം:<br>*ഈ പ്രദേശങ്ങളിലേയ്ക്കുള്ള വിതരണ ശൃംഖലയിൽ II സബ് സോണുകൾ ഉണ്ട്. ഇവയിൽ വൈപ്പിൻ - പള്ളിപ്പുറം റോഡിന്റെ പടിഞ്ഞാറു ഭാഗത്ത് സോൺ II-(എ)-യിൽ 80% ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>*പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിച്ച ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട വാട്ടർ സപ്ലൈ ഡിവിഷന്റെ ചുമതലകളിൽ നടത്തപ്പെടുന്നു.<br>*ഈ പ്രദേശത്തെ പദ്ധതിയിൽ 3 ടാങ്കുകളാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>*മാലിപ്പുറം ടാങ്ക് നിർമ്മാണം പൂർത്തിയായി.<br>*മുരിക്കും പാടത്ത് ടാങ്ക് നിർമ്മാണ കരാറുകാരന് പിഴയോടുകൂടി രണ്ടാം തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.<br>*ഞാറയ്ക്കൽ ടാങ്ക് നിർമ്മാണ കരാറുകാരന് പിഴയോടുകൂടി ഒരു തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.<br>*പദ്ധതി മെയ് 2015-ഓടെ പൂർത്തീകരിക്കാൻ സാധിയ്ക്കുമെന്ന് പ്രതീക്ഷിയ്ക്കുന്നു.<br>(b) കുടിവെള്ള പദ്ധതി : കടമക്കുടി.<br>കടമക്കുടി പദ്ധതിയിലെ പിഴല ടാങ്ക് നിർമ്മാണത്തിന്റെ കാലാവധി 30.05.2015 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു.<br><br>II.കുടിവെള്ള പദ്ധതി : എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്ത്.<br>പദ്ധതി 90% പൂർത്തീകരിച്ചു. ഉപരിതല ടാങ്കിന്റെ നിർമ്മാണവും 90% പൂർത്തിയായിട്ടുണ്ട്.<br>*പദ്ധതി 2014 ഡിസംബർ അവസാനത്തോടുകൂടി ട്രയൽ റൺ നടത്തുന്നതിനു ഉദ്ദേശിയ്ക്കുന്നു. |

III.മുളവുകാട് റോഡ് വികസനം :
*പദ്ധതി നിർമ്മാണത്തിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
*ഒന്നാം ഘട്ടം - 2 ½ കി.മീ. നിർമ്മാണം പൂർത്തിയായി.
*രണ്ടാം ഘട്ടം - 2 ½ കി.മീ. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. അതോടൊപ്പം സ്ഥലം ഉടമകളുടെ തടസ്സവാദങ്ങളും നിലനില്ക്കുന്നുണ്ട്.

IV.വൈപ്പിൻ - മുനമ്പം തീരദേശ പാത നിർമ്മാണം.
*3 റീച്ചുകളായി തിരിച്ചിരിക്കുന്നു.
*ഇതിൽ രണ്ടാം റീച്ചിൽ 30% ജോലികൾ പൂർത്തീകരിച്ചു. പരിസരവാസികളുടെ തടസ്സവാദങ്ങൾ കാരണം ജോലികൾ നിർത്തിവച്ചിരിക്കുകയാണ്.
*ഒന്നും മൂന്നും റീച്ചുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

V.കോതാട് - ചേന്നൂർ പാലം നിർമ്മാണം: സ്ഥലം ഏറ്റെടുക്കൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

VI.ചെറായി ദേവസ്വം നട ബൈപ്പാസ് നിർമ്മാണം:- കിറ്റ്കോ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റും സർവേ വിവരങ്ങളും ജിഡ ജനറൽ കൗൺസിലിന്റേയും സർക്കാരിന്റേയും അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് പരിഗണിക്കുന്നു. ഇതു സംബന്ധിച്ച് ഒരു പരാതിയും ലഭിച്ചിട്ടുണ്ട്.

VII.മൂലമ്പിള്ളി- ചാത്തനാട് റോഡ് പദ്ധതി:
*മൂലമ്പിള്ളി - പിഴല പാലങ്ങളും അനുബന്ധ റോഡുകളും.
*ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വെച്ചു.
*സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.
*വലിയ കടമക്കുടി - ചാത്തനാട് പാലവും അനുബന്ധ റോഡുകളും.
*പാലത്തിന്റെ 11 പില്ലറുകളിൽ 9 എണ്ണം പൂർത്തീകരിച്ചു. 2 ബീമുകൾ കാസ്റ്റ് ചെയ്തു കഴിഞ്ഞു. ബാക്കി ജോലികൾ പുരോഗമിക്കുന്നു. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ, പ്രസ്തുത ഭാഗത്തുള്ള അബട്ട്മെന്റുകളുടേയും 2 പില്ലറുകളുടെയും ജോലികൾ ആരംഭിച്ചിട്ടില്ല.
*സ്ഥലം മുഴുവൻ ഏറ്റെടുത്താൽ മൂലമ്പിള്ളി - പിഴല പാലത്തിന്റെ പണി 20 മാസത്തിനകവും വലിയ കടമക്കുടി - ചാത്തനാട് പാലത്തിന്റെ പണി 24 മാസത്തിനകവും പൂർത്തീകരിക്കാനാകുമെന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

VIII. വൈപ്പിൻ - മുനമ്പം റോഡിലെ 8 പാലങ്ങളുടെ പുനർ നിർമ്മാണം.
*6 പാലങ്ങളുടെ പുനർ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കി.
*2 പാലങ്ങൾക്കു വേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണം തടസ്സപ്പെട്ടിരിയ്ക്കുകയാണ്.

IX.പിഴല – ചേന്നൂർ - ചരിയം തുരുത്ത് റോഡ് പദ്ധതി.
*പദ്ധതി പൊതുമരാമത്ത് വകുപ്പിനെ ഏല്പിച്ചിട്ടുണ്ട്.
*സർവേ ജോലികൾ സ്പെഷ്യൽ തഹസീൽദാർ (എൽ.എ) വഴി നടത്തി വരുന്നു.
*ടി റോഡിലെ 2 പാലങ്ങളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി. റോഡുകളുടെ എസ്റ്റിമേറ്റും മൂന്നാമത്തെ പാലത്തിന്റെ എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

X.വല്ലാർപാടം ദ്വീപ് സംരക്ഷണ ഭിത്തിയും ബണ്ടു നിർമ്മാണവും:
*പദ്ധതി ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും സാങ്കേതിക അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ